compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ

GOVERNMENT OF KERALA

# കേരള ഗസറ്റ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

ചൊവ്വ, 2024 ജനുവരി 16

**Tuesday, 16th January 2024**

1199 മകരം 2

**2nd Makaram 1199**

1945 പൌഷം 26

**26th Pousha 1945**

വാല്യം 13

**Vol. XIII**

നമ്പർ 3

**No.** 3

## Part III

## Police Department

©

കേരള സർക്കാർ

GOVERNMENT OF KERALA

2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ലേല പരസ്യം

(1)

No. C1-51183/2023/QC. 2024 ജനുവരി 6.

കൊല്ലം സിറ്റി DHQ ക്യാമ്പിൽ നിൽക്കുന്ന താഴെ പറയുന്ന തേക്കുമരം കൊല്ലം സിറ്റി DHQ ക്യാമ്പിൽ വച്ചു 19-1-2024 തീയതിയിൽ പകൽ 11 മണിക്ക് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

| ഇനം | ചുറ്റുവണ്ണം (സെ. മീ.) | തടിയുടെ അളവ് (ക്യൂ. മീ.) | നിരക്ക് (ക്യൂ. മീ.) | വില ₹ | വിറകിന്റെ അളവ് (മെ. ടൺ) | നിരക്ക് (മെ. ടൺ) | തുക ₹ | ആകെ തുക ₹ |
|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| തേക്ക് | 250 | 2.913 | 132290 | 3,85,361 | 0.689 | 4520 | 3,114 | |
| വിലക്കിഴിവ് (10%) | | 0.2913 | | 38,536 | | | | 3,49,939 |
| | ആകെ | | | 3,46,825 | | | 3,114 | |

നിരതദ്രവ്യം—₹ 34,994

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുൻപ് ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും മേൽപറഞ്ഞിരിക്കുന്ന മരങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യമായ ₹ 34,994 ലേലസ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ടി മരങ്ങളുടെ ലേല വില്പനയ്ക്ക് മുദ്രവച്ച ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ 18-1-2024 പകൽ 5 മണിക്ക് മുമ്പായി എത്തിക്കേണ്ടുന്നതാണ്. ദർഘാസിനോടൊപ്പം ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ നിരതദ്രവ്യ തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതും ദർഘാസ് അടങ്ങിയ കവറിനുമുകളിൽ 'പോലീസ് ഡിപ്പാർട്ടുമെന്റ് വക മരങ്ങൾ ലേലത്തിൽ വാങ്ങുന്നതിനുള്ള ടെൻഡർ' എന്നു വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

പരസ്യ ലേലം അവസാനിപ്പിച്ച ഉടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിന്റേതോ ദർഘാസിന്റേതോ തുകയിൽ ഏതാണോ കൂടുതൽ ആയതിനു ലേലം ഉറപ്പിക്കുന്നതാണ്. മരങ്ങൾ ലേലത്തിലെടുത്തയാൾ ഉടൻ തന്നെ നിരതദ്രവ്യം കഴിച്ച് ലേലസംഖ്യയും ലേലത്തുകയുടെ 5% വനം വികസന നികുതിയും (വനം വകുപ്പിന്റെ 0406-01-101-96-00-FDTഎന്ന ശീർഷകത്തിൽ ഡിവിഷൻ കോഡ് 02/01 ആയി അടക്കേണ്ടതാണ്) വന വികസന നികുതിയുടെയും ലേല തുകയുടെയും 18% ജിഎസ്ടി-യും മറ്റു നിയമാനുസൃത നികുതികളും കൂടി അടക്കേണ്ടതാണ്.

ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടുന്ന മുറയ്ക്ക് ബാക്കി തുക അടച്ച് 7 ദിവസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ലേലത്തിനെടുത്ത മരം മുറിച്ചു നീക്കം ചെയ്യേണ്ടതുമാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ തെറ്റിക്കുകയാണെങ്കിൽ ടിയാൻ അതുവരെ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും മരങ്ങൾ പുനർലേലം നടത്തുന്നതുമായിരിക്കും. ഇപ്രകാരം പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരിൽനിന്നും ഈടാക്കുന്നതും, മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻ ലേലക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മേൽ പറഞ്ഞ മരങ്ങൾ ലേല തീയതിക്ക് മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണിവരെയുള്ള ഏതെങ്കിലും സമയത്ത് കൊല്ലം സിറ്റി DHQ ക്വാർട്ടർ മാസ്റ്ററുടെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്.

യുക്തമെന്നു തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കൂടാതെ ലേലം നിർത്തിവയ്ക്കുന്നതിനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനുള്ള അധികാരം കൊല്ലം സിറ്റി ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

(2)

No. C1-51184/2023/QC. 2024 ജനുവരി 6.

കൊല്ലം സിറ്റി പോലീസ് മന്ദിരത്തോട് ചേർന്ന് അപകടകരമായി നിൽക്കുന്ന താഴെ പറയുന്ന ബദാംമരം ജില്ലാ പോലീസ് ഓഫീസ് പരിസരത്ത് വച്ച് 20-1-2024 തീയതിയിൽ പകൽ 11 മണിക്ക് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

ഇനം—ബദാം

ചുറ്റുവണ്ണം (സെ.മീ.)—205

തടിയുടെ അളവ് (ക്യൂ.മീ.)—1.365

നിരക്ക് (ക്യൂ.മീ.)—1470

വില—₹ 2,007

വിറകിന്റെ അളവ് (മെ. ടൺ)—1.064

നിരക്ക് (മെ. ടൺ)—1470

തുക—₹ 1,564

ആകെ—₹ 3,571

നിരതദ്രവ്യം—₹ 500

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുൻപ് ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും മേൽപറഞ്ഞിരിക്കുന്ന മരത്തിന് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യമായ ₹ 500 ലേലസ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ടി മരത്തിന്റെ ലേല വില്പനയ്ക്ക് മുദ്രവച്ച ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ 19-1-2024 പകൽ 5 മണിക്ക് മുമ്പായി എത്തിക്കേണ്ടതാണ്. ദർഘാസിനോടൊപ്പം ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ നിരതദ്രവ്യ തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതും ദർഘാസ് അടങ്ങിയ കവറിനുമുകളിൽ 'പോലീസ് ഡിപ്പാർട്ടുമെന്റ് വക മരം ലേലത്തിൽ വാങ്ങുന്നതിനുള്ള ടെൻഡർ' എന്നു വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

പരസ്യ ലേലം അവസാനിപ്പിച്ച ഉടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിന്റേതോ ദർഘാസിന്റേതോ തുകയിൽ ഏതാണോ കൂടുതൽ ആയതിനു ലേലം ഉറപ്പിക്കുന്നതാണ്. മരങ്ങൾ ലേലത്തിലെടുത്തയാൾ ഉടൻ തന്നെ നിരതദ്രവ്യം കഴിച്ച് ലേലസംഖ്യയും ലേലത്തുകയുടെ 5% വന വികസന നികുതിയും (വനം വകുപ്പിന്റെ 0406-01-101-96-00-FDTഎന്ന ശീർഷകത്തിൽ ഡിവിഷൻ കോഡ് 02/01 ആയി അടക്കേണ്ടതാണ്). വന വികസന നികുതിയുടെയും ലേല തുകയുടെയും 18% ജിഎസ്ടി-യും മറ്റു നിയമാനുസൃത നികുതികളും കൂടി അടക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടുന്ന മുറയ്ക്ക് ബാക്കി തുക അടച്ച് 7 ദിവസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ലേലത്തിനെടുത്ത മരം മുറിച്ചു നീക്കം ചെയ്യേണ്ടതുമാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ തെറ്റിക്കുകയാണെങ്കിൽ ടിയാൻ അതുവരെ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും മരം പുനർലേലം നടത്തുന്നതുമായിരിക്കും. ഇപ്രകാരം പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരിൽനിന്നും ഈടാക്കുന്നതും, മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻ ലേലക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.

മേൽ പറഞ്ഞ മരം ലേല തീയതിക്ക് മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണിവരെയുള്ള ഏതെങ്കിലും സമയത്ത് കൊല്ലം സിറ്റി DHQ ക്വാർട്ടർ മാസ്റ്ററുടെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്.

യുക്തമെന്നു തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കൂടാതെ ലേലം നിർത്തിവയ്ക്കുന്നതിനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനുള്ള അധികാരം കൊല്ലം സിറ്റി ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

City Police Office, (Sd.)
Kollam. *District Police Chief.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

E2b-59284/2023/KC 10 -ജനുവരി -2024

ലേലപരസ്യം

ധനകാര്യ വകുപ്പിൻറെ 28/10/2021 തീയ്യതിയിലെ സർക്കുലർ നമ്പർ 99/2021/FIN പോലീസ് ആസ്ഥാനത്തെ 02/12/2021 തീയ്യതിയിലെ U3-95982/2021/PHQ എന്നിവ പ്രകാരം കണ്ണൂർ സിറ്റി പോലീസ് കമ്മീഷണർ പുറപ്പെടുവിക്കുന്നത്.

കണ്ണൂർസിറ്റിപോലീസ്കമ്മീഷണറുടെഅധീനതയിലുള്ളതും വളപട്ടണം പോലീസ് സ്റ്റേഷൻ പരിസരത്ത് സൂക്ഷിച്ചിരിക്കുന്നതും ഡിപ്പാർട്ട്മെൻറിന് ഉപയോഗയോഗ്യമല്ലാത്തതുമായ ഒരു ഡിപാർട്ട്മെൻറ് സ്പീഡ് ബോട്ട് M/S.MSTC Ltd. ൻറെ ഓൺ ലൈൻ വെബ് സൈറ്റായ www.mstcecommerce.com മുഖേന 16/01/2024 നു ലേലം ചെയ്യുന്നതിന്(e-auction) തീരുമാനിച്ചിരിക്കുന്നു.ടി ലേലത്തിൽ പങ്കെടുക്കുവാൻ തൽപര്യമുള്ളവർക്ക് പ്രസ്തുത വെബ് സൈറ്റിൽ M/S.MSTC Ltd.ൻറെ നിബന്ധനകൾക്ക് വിധേയമായി Buyer ആയി റെജിസ്റ്റർ ചെയ്ത് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുന്നവർക്ക് 15/01/2024 തീയ്യതിവരെ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെയുള്ള സമയത്ത് വളപട്ടണം പോലീസ് സ്റ്റേഷനിൽ ബന്ധപ്പെട്ടവരുടെ അനുമതിയോടെ ബോട്ട് പരിശോധിക്കാവുന്നതാണ്.(ബോട്ട് പരിശോധിക്കാൻ ബന്ധപ്പെടേണ്ട നമ്പർ 9745537722).യാതൊരുകാരണവും കാണിക്കാതെ ലേല നടപടികൾ മാറ്റിവയ്ക്കുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യുവാനുള്ള പൂർണ്ണ അധികാരം കണ്ണൂർ സിറ്റി പോലീസ് കമ്മീഷനറിൽ നിക്ഷിപ്തമാണ്.

| Sl No. | Reg.No of Speed Boat | Model | Present Condition | Location | GST |
|---|---|---|---|---|---|
| 1 | KIV/AZ H/0004/11 | 2010 | Off Water | Valapttanam PS | 18% |

സിറ്റി പോലീസ് ഓഫീസ് (ഒപ്പ് )

കണ്ണൂർ

അജിത് കുമാർ ഐ .പി.എസ്

ജില്ലാ പോലീസ് മേധാവി

കണ്ണൂർ സിറ്റി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2024.01.16 03:46:41 +05:30